ഏപ്രിൽ 2002-ൽ പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ ദേശീയ ജലവിഭവ കൗൺസിൽ യോഗത്തിൽ കേരള ജലവിഭവ വകുപ്പുമന്ത്രി സംസ്ഥാന സർക്കാരിനുള്ള വിയോജിപ്പ് വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ എടുത്തു വരികയാണ്.

(സി) 1956-ലെ ഇന്റർസ്റ്റേറ്റ് വാട്ടർ ഡിസ്പ്യൂട്ട് ആക്ട് പ്രകാരം കാവേരി നദീജല തർക്കം പരിഗണിക്കുന്നതിനായി 1990-ൽ ന്യൂഡൽഹി കേന്ദ്രമാക്കി മൂന്ന് ജഡ്ജിമാർ ഉൾപ്പെട്ട ഒരു ട്രൈബ്യൂണൽ രൂപീകരിക്കുകയുണ്ടായി. ഈ തർക്കത്തിൽ കേരളം, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളും യൂണിയൻ പ്രദേശമായ പോണ്ടിച്ചേരിയും കക്ഷിചേർന്നിട്ടുണ്ട്.

കേസിന്റെ ഫലപ്രദമായ നടത്തിപ്പിനായി ന്യൂഡൽഹി ആസ്ഥാനമായി ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. നിയമപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ശ്രീ. കപിൽസിബൽ, ഡോ. രാജീവ്ധവാൻ എന്നിവരെ കേരളത്തിന്റെ സീനിയർ കൗൺസിലായും ശ്രീ. നയാൻ കൃഷ്ണൻ, ശ്രീ. ഗൗതം നാരായൺ എന്നിവരെ ജൂനിയർ കൗൺസിലായും നിയമിച്ചിട്ടുണ്ട്. ഇങ്ങനെ നിയമപരവും ഭരണപരവുമായ എല്ലാവിധ നടപടികളും സ്വീകരിച്ചു വരുന്നു.

മറ്റ് അന്തർ സംസ്ഥാന നദീജല കരാറുകളായ മുല്ലപ്പെരിയാർ പാട്ടക്കരാർ, പറമ്പിക്കുളം- ആളിയാർ പദ്ധതിക്കരാർ, ശിരുവാണി കുടിവെള്ള പദ്ധതിക്കരാർ എന്നിവ ട്രൈബ്യൂണലിന്റെയോ കേന്ദ്ര സർക്കാരിന്റെയോ പരിഗണനയിൽ വന്നിട്ടില്ല. എന്നാൽ മുല്ലപ്പെരിയാർ പാട്ടക്കരാറിന്റെ ഭാഗമായ മുല്ലപ്പെരിയാർ റിസർവായറിലെ ജലനിരപ്പ് ഉയർത്തുന്നത് സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലുണ്ട്. അതിൽ കേരളത്തിന്റെ കേസ് നടത്താനായി സുപ്രീം കോടതിയിലെ പ്രമുഖ അഭിഭാഷകരായ ശ്രീ. അശോക് ദേശായി, ശ്രീ. രാജീവ് ധവാൻ എന്നിവരെ നിയമിച്ചിട്ടുണ്ട്.

തീരദേശ സംരക്ഷണ പദ്ധതികൾ

32 (4640) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇടയ്ക്കിടെ ഉണ്ടാകുന്ന കടലാക്രമണംമൂലം കടൽ തീരങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നതായുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ ശാസ്ത്രീയമായ ഏതെങ്കിലും പഠനങ്ങൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തീരദേശ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കടലാക്രമണം മൂലം കടൽതീരങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂനെയിലെ സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ കേരള കടൽതീരത്തിന് രൂപകല്പന ചെയ്ത കടൽഭിത്തി

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം പരീക്ഷണടിസ്ഥാനത്തിൽ കേരളത്തിൽ തെരഞ്ഞെടുത്ത കടൽതീരത്ത് ചെയ്യുകയുണ്ടായി. അത് പ്രയോജനപ്രദമായി അനുഭവപ്പെട്ടതുകൊണ്ട്, കടലാക്രമണം തടയുന്നതിന് വേണ്ടി പുതുതായി നിർമ്മിക്കുന്ന കടൽ ഭിത്തികൾക്ക് പ്രസ്തുത രൂപരേഖ ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) കേരളത്തിൽ കടൽഭിത്തി ഇല്ലാത്തത് ഏകദേശം 100 കി.മീ. ദൂരത്തിലാണ്. കടലാക്രമണം മൂക്ഷമായി അനുഭവപ്പെടുന്ന 52 കി.മീ. നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കാനും 59 കി. മീ. കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും ഉള്ള പ്രവൃത്തിക്ക് ഫ്ളഡ് കൺട്രോൾ ആന്റ് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 216.96 കോടി രൂപ മതിപ്പ് ചെലവ് വരുന്ന ഒരു പ്രോജക്ട് നാഷണൽ കോസ്റ്റൽ പ്രൊട്ടക്ഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുവേണ്ടി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.

കടൽഭീഷണിക്ക് പുലിമുട്ട് നിർമ്മാണം

33 (4641) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനസാന്ദ്രതയുള്ള കടൽതീരങ്ങളിൽ വർഷകാലത്ത് നിലവിലുള്ള കടൽഭിത്തികൾ തുടരെ തകരുന്നത് മൂലം ഭീഷണി നേരിടുന്ന ജനങ്ങളുടെ സംരക്ഷണത്തിന് പുലിമുട്ട് ഇടുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും ഗവൺമെന്റിന്റെ നേതൃത്വത്തിൽ പുലിമുട്ട് നിർമ്മിക്കുന്നുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ് ;

(സി) ഏതെങ്കിലും സ്ഥലത്ത് പുതിയതായി പുലിമുട്ട് നിർമ്മിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വർഷങ്ങൾക്കു മുമ്പ് കടലാക്രമണം ചെറുക്കുന്നതിന് നടപ്പാക്കിയ ഉപാധിയാണ് പുലിമുട്ട് നിർമ്മാണം. പുലിമുട്ടുകൾ വളരെ വേഗത്തിൽ നശിക്കുന്നതുകൊണ്ടും തീരപ്രദേശങ്ങളിൽ മണ്ണൊലിപ്പിന് കാരണമാകുന്നതു കൊണ്ടും, പുലിമുട്ടുകൾ ഉള്ള സ്ഥലങ്ങളിൽ കടലാക്രമണം തടയുമെങ്കിലും ഇതരഭാഗങ്ങളിൽ കടലാക്രമണത്തിന് കാരണമാകുന്നു എന്ന് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷന്റെ പഠനങ്ങളിൽ കണ്ടതുകൊണ്ടും 1964-ൽ പുലിമുട്ട് നിർമ്മാണം നിർത്തലാക്കി.

എന്നാൽ അടുത്ത കാലത്ത് സെൻട്രൽ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ ഐ. എൻ. എസ്. ദ്രോണാചാര്യയിൽ നടത്തിയ പഠനത്തിൽ ഐ. എൻ. എസ്. ദ്രോണാചര്യയ്ക്ക് വടക്ക് ഭാഗത്ത് നിലവിൽ കടൽഭിത്തി ഉള്ള ഭാഗങ്ങളിൽ പുലിമുട്ടുകളും ഉള്ളതു കൊണ്ടാണ് കടൽഭിത്തിക്ക് കോടുപാടുകൾ സംഭവിക്കാത്തത് എന്ന് പറയുന്നതിനാൽ പരീക്ഷണാടിസ്ഥാനത്തിൽ പുലിമുട്ട് ഇടുന്നതിനെ കുറിച്ച് പരിശോധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly